# ഗവ: എൽ.പി.എസ്.

## പൂവറ്റൂർ പടിഞ്ഞാറ്, മാവടി




# അക്കാദമിക മാസ്റ്റർ പ്ലാൻ

# വിദ്യാലയം ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ:എൽ.പി.എസ്. പൂവറ്റൂർവെസ്റ്റ് |
| വിദ്യാലയകോഡ് | : | 39427 |
| ഉൾപ്പെടുന്ന പഞ്ചായത്ത് | : | കുളക്കട |
| വാർഡ് | : | 15 (മാവേലി) |
| ബ്ലോക്ക്പഞ്ചായത്ത് | : | വെട്ടിക്കവല |
| വില്ലേജ് | : | കുളക്കട |
| ഉപജില്ല | : | കുളക്കട |
| ബി.ആർ.സി. | : | കുളക്കട |
| സംസ്ഥാനം | : | കേരളം |
| റവന്യൂജില്ല | : | കൊല്ലം |
| വിദ്യാഭ്യാസജില്ല | : | കൊട്ടാരക്കര |
| പിൻകോഡ് | : | 691507 |
| ഫോൺനമ്പർ | : | 8086987539, 9656991774 |
| ഇ-മെയിൽ | : | glpspoovattoorwest@gmail.com |

# ആമുഖം

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കുളക്കട ഗ്രാമപഞ്ചായത്തിന്റെ മാവടി വാർഡിൽ 1932 മുതൽ പ്രവർത്തിച്ചുവരുന്ന വിദ്യാഭ്യാസസ്ഥാപനമാണ് ഗവ.എൽ.പി.എസ്. പൂവറ്റൂർ പടിഞ്ഞാറ്, മാവടി പുനരൂർകുളങ്ങര ശ്രീമഹാവിഷ്ണു ക്ഷേത്രത്തിനും കുളക്കട ഗ്രാമപഞ്ചായത്ത് ആഫീസിനും സമീപത്ത് മാവടി പുത്തൂർ റോഡിന്റെ ഇരുവശത്തായി മാവടി ശ്രീനാരായണവിലാസം ഗ്രന്ഥശാലയുമായി കൈകോർത്തുനിൽക്കുന്ന സരസ്വതീക്ഷേത്രം. 1932-ൽ പൂവറ്റൂർ ചരുവിളവീട്ടിൽ ശ്രീ.ഗോവിന്ദപിള്ളയുടെ നേതൃത്വത്തിൽ ഒരു കുടിപള്ളിക്കുടമായി ആരംഭിച്ച സ്ഥാപനമാണിത്. പിന്നീട് ബഹുമാന്യനായ കുഴുമ്പിൽ വീട്ടിൽ ശ്രീ.എ.നാരായണപിള്ള അവർകൾ ദാനം നൽകിയ സ്ഥലത്താണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. 2008-ൽ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു സമൂഹത്തിന്റെ നാനാതുറയിൽ പ്രവർത്തിക്കുന്നവർ ഈ സ്ഥാപനത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്.

സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുത്തൊഴുക്കിൽപ്പെട്ട് തകർച്ച യുടെ വക്കിലെത്തിയ ഈ വിദ്യാലയത്തെ നാടിന്റെ നാനാതലത്തി ലുള്ളവരുടെ ഇടപെടലിലൂടെയാണ് ഇന്നത്തെ നിലയിൽ എത്തിയത്. ആ വിദ്യാലയം 2022-23 കാലഘട്ടത്തിൽ നവതിയുടെ നിറവിൽ എത്തി ച്ചേർന്നിരിക്കുന്നു.

അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രൊജക്ടുകളേയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ജി.എൽ.പി.എസ്.പൂവറ്റൂർവെസ്റ്റ്. പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നു കൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തു പകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്ക്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, തുടങ്ങിയവ ആധുനികവത്ക്കരിക്കും.
7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./ കോർണർ പി.ടി.എ.കൾ എന്നിവ ചേരും.
8. ഒന്നാം ക്ലാസ്സ് മുതൽ 4 -ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്. ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
9. 'വിദ്യാലയ ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
11. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.
12. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
13. ഹരിതസേന രൂപീകരിക്കൽ
14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
15. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

## അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| • ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം | • മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പാടനുണ്ട്. |
| • മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം. | • വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല. |
| • 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു. | • മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| • കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം | • ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല. |
| • പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് <u>അമ്മയുമൊത്തു</u> എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ | • കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്. |
| • പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട് | • IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. |
| • സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം. | • ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് .സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .കെ -ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല . |
| • പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | |
| • കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ. | |

## ആരോഗ്യ - കായിക - വിദ്യാഭ്യാസം

പ്രവർത്തനം : 1

പേര് : **കായികാരോഗ്യം**

ഉപമേഖല : **എയറോബിക്സ് എക്സെർസൈസസ് ,ഫുട്ബോൾ കോച്ചിങ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |

പ്രവർത്തനം : 2

പേര് : **ഹെൽത്ത് ചെക്ക് അപ്പ്**

ഉപമേഖല : **ആരോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | 3,000 |

പ്രവർത്തനം : 3

പേര് : **കായിക വിദ്യാഭ്യാസം – അധ്യാപക ശിൽപശാല**

ഉപമേഖല : **അധ്യാപക ശാക്തീകരണം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

## പ്രവൃത്തി പരിചയം

**പ്രവർത്തനം :** 1
**പേര്** : പ്രവൃത്തി പരിചയശിൽപശാല
**ഉപമേഖല** : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ നിർമ്മാണം ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം :** 2
**പേര്** : പേപ്പർ ബാഗ് നിർമാണം
**ഉപമേഖല** : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

**പ്രവർത്തനം :** 3
**പേര്** : ഒറിഗാമി
**ഉപമേഖല** : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷയവുമായി പഠനവുമായി പ്രവൃത്തിപ രിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക , സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയപ്രവർത്തനങ്ങളുടെ ഭാഗമാക്കുക, എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ആണ് പദ്ധതി രൂപീകരിക്കുന്നത്. 2025-2026 അധ്യയന വർഷത്തിൽ ഒന്നാംതരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും, ശാസ്ത്രത്തിലും , ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിയ്ക്കും സാധ്യമാകുന്നു. പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദവും, കൂടുതൽ ആസ്വാദ്യകരവും ആക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# മലയാളം

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവു നേടുക.
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു
- വായനാകാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- പത്രം തയ്യാറാക്കുന്നു.
- സ്വന്തമായി ഡയറി എഴുതുന്നു.

# English

## Aim

To speak, read and write English withaut any mistakes

## SKILL

- To develop listening skills
- develop reading skill

## Reading Skill

- find words from reading materials.
- Rhyming words
- Reading words with the help of reading cards.
- Making small reading cards.
- Describing words from text book activities.

# Writing Skill

- → make word-web
- → picture description
- → Word chain
- → Story writing
- → Riddles
- → Conversation

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്നു കണ്ടെത്തുന്നു.
- വിവിധ സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) പട്ടികപ്പെടുത്തുന്നു.
- സസ്യങ്ങൾക്ക് വേര്, തണ്ട്, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിക്കുന്നു, കണ്ടെത്തുന്നു.
- പൂക്കളുടെ സാമ്യ-വ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു
- നിറം, രുചി, ആകൃതി, മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
- നിറം, രുചി, ആകൃതി, മണം, വലിപ്പം എന്നിവയിൽ പഴം വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

## ലക്ഷ്യം

1. → ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ.

പ്രവർത്തനം

1. പ്രകൃതി നടത്തം
2. ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു
3. പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു.

കാലം

→ ജൂൺ, ജൂലൈ, ആഗസ്റ്റ്

2. ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു.

പ്രവർത്തനം

→ പൂന്തോട്ട നിർമ്മാണം
→ പൂന്തോട്ടത്തിലെ ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു

കാലം

→ സെപ്തംബർ, ഒക്ടോബർ, നവംബർ

3. ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു

പ്രവർത്തനം

→ പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ടുവരുന്നു.
→ ഭക്ഷ്യയോഗ്യമായ ഭാഗം കണ്ടെത്തുന്നു.
→ അടുക്കളത്തോട്ട നിർമ്മാണം.

കാലം

ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച്

# ഗണിതം

→ ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.
2. അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
3. 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം |
|---|---|---|
| 1. സംഖ്യാബോധം | → സംഖ്യകൾ തിരിച്ചറിയൽ<br>→ തിരിച്ചറിഞ്ഞ് പറയുന്നു.<br>→ സംഖ്യാകാർഡ് നിർമ്മിക്കൽ | June |
| 2. ഗണിതകിറ്റ് | → ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് കിറ്റ് തയ്യാറാക്കുന്നു. | July |
| വലിയ സംഖ്യ ചെറിയ സംഖ്യ | → ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ<br>→ വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം. | August |
| ഒറ്റസംഖ്യകൾ ഇരട്ടസംഖ്യകൾ | → ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br>→ ഒന്നിടവിട്ട സംഖ്യകൾ, ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യ എന്നിവ തിരിച്ചറിഞ്ഞ് ഉണ്ടാക്കൽ. | September |

| | | | |
|---|---|---|---|
| 5. | സംഖ്യാഗാനങ്ങൾ | → സംഖ്യാഗാനങ്ങൾ പാടുകയും ശേഖരിക്കുകയും ചെയ്യുന്നു<br>→ ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു. | ഒക്ടോബർ |
| 6. | വർക്ക്ഷീറ്റ് | → വർക്ക്ഷീറ്റ് പ്രവർത്തനങ്ങൾ<br>→ 'My Numberbook' തയ്യാറാക്കൽ | നവംബർ |
| 7. | സങ്കലനം വ്യവകലനം | → പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ജനുവരി |
| 8. | ചിഹ്നങ്ങൾ തിരിച്ചറിയൽ | ചിഹ്നങ്ങൾ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ഫെബ്രുവരി |
| 9. | ഗണിതകിറ്റ് | → പ്രവർത്തനങ്ങൾ ചെയ്യൽ.<br>→ സംഖ്യകളുടെ പകുതി, മൂല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിതകിറ്റിലൂടെ സാധ്യമാകുന്നു. | മാർച്ച്. |

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

Std: II

# ആമുഖം

ഗവ. എൽ. പി. എസ് മാവടി സ്കൂളിൽ 2024-25 അധ്യയന വർഷം ഇരുപത്തിരണ്ട് കുട്ടികൾ രണ്ടാം ക്ലാസ്സിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസ്സിലും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

# പ്രവർത്തനകലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1 | പ്രവർത്തനകലണ്ടർ | മെയ് |
| 2 | മലയാള മധുരം | ജൂൺ - മാർച്ച് |
| 3 | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 4 | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 5 | സചിത്ര പുസ്തകം | ജൂൺ - മാർച്ച് |
| 6 | റീഡേഴ്സ് തീയേറ്റർ | ജൂലൈ - മാർച്ച് |
| 7 | നാട്ടുവിശേഷം കൂടെയുണ്ട് | ജൂലൈ - മാർച്ച് |
| 8 | രചനോത്സവം | ജൂലൈ - ഫെബ്രുവരി |
| 9 | ഭാഷോത്സവം | ജനുവരി |

# മലയാള മധുരം

ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുകൂട്ടുകാർ ആസ്വദിച്ച് വായിക്കാനും തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരമൊരുക്കുന്നു.

പ്രവർത്തന ലക്ഷ്യങ്ങൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനക്ക് അവസരമൊരുക്കുന്നു.
- സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.

പ്രവർത്തന ഘട്ടങ്ങൾ

- അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജി-യിൽ അവലോകനം ചെയ്യുന്നു.
- തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

- CPTA യിൽ അവലോകനവും തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും. (ജൂൺ)
- കുട്ടിയും രക്ഷിതാവും ചേർന്നവായനക്കാരായിരുന്നു.
- തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കഥോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.

വിലയിരുത്തൽ

- മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.
- രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
- വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- കുട്ടികളുടെ വിവിധ പ്രകടനരൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കുവച്ചിട്ടുണ്ട്.

# സംയുക്ത ഡയറി

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്തഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാനശേഷി വികസനം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെയധികം സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരത്തിലുള്ള കുട്ടികളെ ചിത്രമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

ലക്ഷ്യങ്ങൾ

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി കൂടുന്നു.
- സ്വതന്ത്രരചന പരിപോഷിപ്പിക്കാൻ കഴിയുന്നു.
- ഭാഷാശേഷി വികസിപ്പിക്കാൻ കഴിയുന്നു.
- അനുഭവാധിഷ്ഠിത പഠനം സാധ്യമാകുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച രചനകൾ അവതരിപ്പിക്കുന്നു.

ക്ലാസ്സ് പി.ടി.എ.യിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു.

രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു.

ജൂൺ മുതൽ ആരംഭിക്കുന്നു.

## വിലയിരുത്തൽ

- ലക്ഷ്യ പൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ സംയുക്തഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്
- മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തകരൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്
- വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.

# പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു. കവിത ഈണത്തിൽ അവതരിപ്പിക്കാൻ താളബോധമുള്ള ഒരു കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാന കവിതകൾ കണ്ടെത്തി ഈണത്തിലും താളത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ കുട്ടികൾക്ക് കഴിയണം. ഇതിനായി രണ്ടാം ക്ലാസ്സിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്.

## വിലയിരുത്തൽ

- ലക്ഷ്യ പൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ പാഠങ്ങളുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.
- ക്ലാസ്സ് പി.ടി.എ യുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.
- പാഠഭാഗങ്ങളിലെ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് നടത്തിയിട്ടുണ്ട്.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

## സചിത്ര പുസ്തകം

2023-24 വർഷത്തിൽ രണ്ടാം ക്ലാസ്സിലെ 8 യൂണിറ്റുകളും സചിത്ര പാഠപുസ്തകത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിലവതരിപ്പിച്ചിരിക്കുന്നത്. ഉദ്ദേശിത പ്രവർത്തനങ്ങളിൽ കുട്ടിയുടെ താൽപര്യം വർധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളും പങ്കെടുത്ത് സചിത്ര പാഠപുസ്തക പ്രവർത്തനങ്ങൾ ക്ലാസ്മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

STD : III

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ / പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2022-23 അധ്യയന വർഷത്തിലെ 8-10 തരത്തിലെ വിദ്യാർത്ഥികൾ 8-10 തരത്തിൽ എത്തുന്നത്. ക്ലാസിലെ മുഴുവൻ കുട്ടികളെ ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരുടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. കുട്ടികളിൽ ഉള്ള വൈകാരിക - സാമൂഹിക - വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്.

# മലയാളം

ലക്ഷ്യങ്ങൾ

- അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയും ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും വായിക്കാൻ പ്രാപ്തരാക്കുന്നു.
- കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.
- കണ്ടും കേട്ടും വായിച്ചും അറിഞ്ഞ കഥകൾ/ കവിതകൾ എന്നിവ വ്യത്യസ്ത വ്യവഹാരരൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു.
- സ്വന്തം രചനകളും ശേഖരണങ്ങളും ഉൾപ്പെടുത്തി 'എന്റെ കുഞ്ഞു ലൈബ്രറി' എന്ന വീട്ടിലെ ലൈബ്രറി വിപുലീകരിക്കുന്നു.
- ആശയങ്ങളിൽ നിന്നും സ്വന്തമായി കഥകൾ കവിതകൾ എന്നിവ രചിക്കുന്നു.

## പ്രവർത്തനങ്ങൾ

**വായിക്കാം - എഴുതാം - ജൂൺ- ജൂലൈ**

പ്രീ- ടെസ്റ്റ് നടത്തി വിവിധ നിലവാരത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നു.

- കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെ ഉച്ചത്തിൽ വായന
- നിശബ്ദ വായന
- വായനകാർഡ് നോക്കി നോട്ടുബുക്കിൽ എഴുതൽ.
- നിശബ്ദവായന
- ഉച്ചത്തിൽ വായന
- കുട്ടി രക്ഷിതാവിന് വായനകാർഡ് വായിച്ച് കേൾപ്പിക്കുന്നു.

**ആശയം പറയാം. - ജൂലൈ - ആഗസ്റ്റ്**

- കുട്ടിക്ക് കഥാപുസ്തകം / വായനകാർഡ് നൽകുന്നു.
- നിശബ്ദ വായന
- വായിച്ചറിഞ്ഞ ആശയം പറയൽ
- ആവശ്യമെങ്കിൽ ആവർത്തന വായന
- കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന
- കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു
- വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞു കൊടുക്കുന്നു.

## ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസ്സിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തകത്തിന്റെ രൂപത്തിൽ അവതരിപ്പിക്കാനുള്ള പ്രായോഗിക ധാരണ നേടുന്നു.
- എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക്ബുക്കുകൾ ലഭ്യമാകുന്നു.
- കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക - പ്രവൃത്തിപരിചയം - ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു.
ഉദ്ഘാടന രക്ഷാകർതൃശില്പശാല – സചിത്ര പാഠങ്ങൾ പരിചയപ്പെടുത്തലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും.
സചിത്രബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ.

## വിലയിരുത്തൽ

എല്ലാ കുട്ടികൾക്കും സചിത്രപാഠപുസ്തകം ഉറപ്പാക്കുന്നു.
എല്ലാ കുട്ടികളും സചിത്ര പാഠ പ്രവർത്തനങ്ങളിലേർപ്പെടുന്നു.
ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്ര പാഠം അവതരിപ്പിക്കുന്നു.

# റീഡേഴ്സ് തിയേറ്റർ

ചെറുവിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന കുട്ടികൾ. അവർക്ക് മുന്നിൽ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികയ്ക്കും വിദ്യാലയത്തിനും കഴിയണം.

ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിലേർപ്പെടുന്നു.
- രണ്ടാം ക്ലാസുകാർ മികച്ച വായനക്കാരായി മാറുന്നു.
- ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

പ്രവർത്തന പടവുകൾ

ആശയം എസ്.ആർ.ജിയിൽ പങ്കിടൽ.
ക്ലാസ് പി.ടി.എയിൽ റീഡേഴ്സ് തിയേറ്റർ എന്ന ആശയം പങ്കിടലും പിന്തുണ ഉറപ്പാക്കലും
എല്ലാ കുട്ടികളെയും പങ്കാളികളാക്കൽ.
മികച്ച അവതരണങ്ങൾ സ്കൂൾ തല സദസ്സിലവതരണം.

# പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു. കുട്ടികൾ പാഠഭാഗത്തിലെ കവിതകൾ ഈണത്തിലും ഭാവത്തിലും ചൊല്ലേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

ലക്ഷ്യങ്ങൾ

- താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
- ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയവരികൾ കൂട്ടിച്ചേർക്കുന്നു.
- ഭിന്ന-നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

## നാട്ടുവിശേഷം കയ്യെഴുത്ത്

ഭാഷാ പഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കാനുള്ള ഒരു പ്രവർത്തന പദ്ധതിയാണിത്. പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു.

### ലക്ഷ്യങ്ങൾ

പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു.
പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പാക്കുന്നു.
ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നു.
പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

### വിലയിരുത്തൽ

ക്ലാസ്സ് മുറിയിൽ ഭാഷാപഠനത്തോടൊപ്പം പരിസരപഠന പാഠഭാഗവും ഉൾച്ചേർത്ത് നൽകുന്നതിൽ ധാരണ ഉറപ്പാക്കുന്നു.
മുഴുവൻ കുട്ടികളിലും പ്രക്രിയാബന്ധിത പഠനം ഉറപ്പാക്കാൻ കഴിയുന്നു.
കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.
കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപ്പുറ പഠനസാധ്യത ഉറപ്പാക്കുന്നു.

# ഭാഷോത്സവം

രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി എഴുതാനും വായിക്കാനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

## ലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കാനവസരം.
കുട്ടികളുടെ സ്വതന്ത്രരചനയ്ക്ക് സാധ്യത ഒരുക്കുന്നു.
ഭാഷാപഠനം അനുഭവാധിഷ്ഠിതമാക്കാൻ കഴിയുന്നു.
ആശയ പൂർണതയോടെ തനതായ രചനകൾ നടത്തുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

എസ്. ആർ. ജി യിൽ ആസൂത്രണം ചെയ്യുന്നു.
പി. ടി. എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു
പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നു.
സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

## വിലയിരുത്തൽ

മികവുകൾ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്.
കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.
ഭാഷോത്സവം ഭംഗിയാക്കാൻ ആസൂത്രണം ചെയ്തിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

G.L.P.S. പൂവത്തൂർ വെസ്റ്റ്.

STD IV

അധ്യാപികയുടെ പേര് : അനിലകൃഷ്ണൻ
കുട്ടികളുടെ എണ്ണം : 14

# ആമുഖം

2025 - 26 അധ്യയന വർഷത്തിൽ നാലാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്.

ഭാഷ, പരിസരപഠനം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതി രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. പഠന പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, സ്വയമേറ്റെടുക്കൽ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, വിദ്യാലയത്തെ വിലയിരുത്തൽ, പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ. |
| <u>വായിക്കാം വളരാം</u><br>വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന. | വർഷം മുഴുവൻ. |
| <u>എഴുതാം തെളിയാം</u><br>എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗത്തുനിന്നും പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) |
| എഴുത്തുകാരുമായി സംവദിക്കൽ.<br>ലേഖന ശേഷി വർധിപ്പിക്കൽ<br>സാഹിത്യകാരന്മാരെ അടുത്തറിയൽ. | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം |

| | | |
|---|---|---|
| Identifying rhyming words from the poem. | Rhyming words. | • plays the audio of Song<br>• Let the learner sing after the audio.<br>• Discussion<br>• Identifies rhyming words. |
| • Adds lines to a poem following a set pattern | Add more lines | • plays the audio of Song<br>• Let the learner sing abter the audio<br>• Adds lines to the poem. |
| • Reads and understand the given Stories and poems. | Let's read | • provides the opportunity to read simple stories and poems.<br>• They tell the story they read. |
| • Make simple riddles | Riddles | Gives children the opportunity to hear and answer simple riddles.<br>• makes simple riddles. |
| • Undertakes simple project work given | project works. | • Gives instructions.<br>• Data collection<br>• codifying. |

# ENGLISH

| LEARNING OUTCOMES | ACTIVITIES | ACTIVITY DETAILS. |
|---|---|---|
| • Describe the picture | Picture Description | • Teacher shows a picture<br>• Discussion<br>• Children talk about the picture<br>Slow learners - Gives oppertunity to express their idea in mother tongue |
| Arrange word in alphabetical Order | Dictionary | • Introducing the dictionary<br>• Gives words<br>• Arranging words in alphabetical order |
| Adds more exchanges to the conversation suitable to the context | Conversation | • Reading the Conversation<br>• Conversation is acting with friends.<br>• Adds more exchanges to the Conversation.<br>Slow learners : Gives ~~opp~~ opportunitty to express their idea in mother tongue |

| | | |
|---|---|---|
| കണ്ടറിയാം കേട്ടറിയാം | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം. |
| രുചിച്ചറിയാം | | |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ. | ഭക്ഷ്യമേള, പാചകക്കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ. | വർഷത്തിലൊന്ന്. |
| സാഹിത്യകാരൻമാരുടെ ജനന- മരണ ദിനാചരണങ്ങൾ. സംഘടിപ്പിക്കൽ - അനുസ്മരിക്കൽ. | ദിനാചരണങ്ങൾ ആചരിക്കൽ- ഡോക്യുമെന്ററി പ്രദർശനം. പുസ്തക പരിചയം, ജീവിതരേഖ തയ്യാറാക്കൽ. | ആവശ്യാനുസരണം |
| കലക്കൂട്ട് :- പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരൻമാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം. | വർഷത്തിലൊന്ന്. |
| സർഗ്ഗോത്സവം | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ. |